# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1018 | 05.03.2018-ൽ മറുപടിക്ക്

## സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത നടപടി

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ്, പാലാട്ട് എന്നീ സ്ഥലങ്ങളിലെ സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത നടപടി സുപ്രീം കോടതി ശരിവച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സ്കൂളുകൾ ഏറ്റെടുക്കുന്ന വകയിൽ ഓരോ സ്കൂളിന്റേയും മാനേജ്മെന്റിന് എന്ത് തുക വീതമാണ് നൽകുവാനുള്ളത്; | (ബി) തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. <u>മലാപ്പറമ്പ് എ.യു.പി. സ്കൂൾ</u><br>കോഴിക്കോട് ജില്ലാ കലക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 5,85,86,710/- രൂപ (അഞ്ച് കോടി എൺപത്തി അഞ്ച് ലക്ഷത്തി എൺപത്തിയാറായിരത്തി എഴുന്നൂറ്റി പത്തു രൂപ മാത്രം) നഷ്ടപരിഹാരമായി സർക്കാർ അനുവദിച്ചു നൽകുകയും ടി തുക മുൻ മാനേജർക്ക് കൈമാറിയിട്ടുമുണ്ട്.<br>2. <u>കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ</u><br>11.07.2017 - ലെ സ.ഉ.(സാധാ) 2289/2017/പൊ.വി.വ. പ്രകാരം ആകെ 56,09,947/- രൂപ (അമ്പത്തിയാറു ലക്ഷത്തി ഒമ്പതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തി ഏഴ് രൂപ മാത്രം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന കൂടുതൽ എയ്ഡഡ് സ്കൂളുകളെ ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) ഇല്ല. നഷ്ടത്തിൽ പ്രവർത്തിക്കുന്ന കൂടുതൽ എയ്ഡഡ് സ്കൂളുകൾ ഏറ്റെടുക്കേണ്ടതായ അടിയന്തിര സാഹചര്യം നിലനിൽക്കുന്നതായി വിലയിരുത്തപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ